**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.468. 07.01.2014 ൽ മറുപടിയ്ക്ക്.

## കർണ്ണാടകയിലേക്കുള്ള പ്രവേശന നികുതി

| ചോദ്യം<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കർണ്ണാടകയിലേക്ക് പ്രവേശിക്കുന്ന സമയത്ത് ടാക്സികൾ ടെമ്പോ ട്രാവലർ അടക്കമുള്ള ടൂറിസ്റ്റ് വാഹനങ്ങൾ നൽകേണ്ട നികുതിയെത്രയാണെന്ന വിവരം ലഭ്യമാണോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) | മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ പെർമിറ്റ് എടുത്ത് കർണ്ണാടകത്തിലേക്ക് കടക്കുന്ന ടൂറിസ്റ്റ് വാഹനങ്ങൾക്ക് ഇപ്പോൾ കർണ്ണാടക സർക്കാർ വാർഷിക നികുതിയാണ് ഈടാക്കുന്നത്. ഈ രീതിയിൽ നികുതി നിരക്ക് മാറ്റിയതിനാൽ 50 രൂപ ഒടുക്കേണ്ടിയിരുന്ന ടാക്സി കാറിന് 2220/- രൂപയും 675/- രൂപ ഒടുക്കേണ്ടിയിരുന്ന ഇന്നോവ കാറിന്14,985/- രൂപയും 11,220/- രൂപ ഒടുക്കേണ്ടിയിരുന്ന 35 സീറ്റുള്ള ടൂറിസ്റ്റ് ബസ്സിന് 4,27,350/- രൂപയുമാണ് നിലവിൽ ഈടാക്കുന്നത്. ഒരു ട്രിപ്പിനാണെങ്കിൽ പോലും മേൽപറഞ്ഞ തുക ഒടുക്കേണ്ടതായി വരുന്നുണ്ട്. |
| (ബി) | കേരളത്തിൽ നിന്ന് ഒറ്റ തവണ മാത്രം യാത്ര ചെയ്യേണ്ടിവരുന്ന ടാക്സി കാറുകളും ടെമ്പോട്രാവലർ അടക്കമുള്ള ടൂറിസ്റ്റ് വാഹനങ്ങളും നൽകേണ്ടിവരുന്നത് എത്ര കാലത്തേക്കുള്ള നികുതിയാണെന്നറിയിക്കുമോ ; | (ബി) | കേരളത്തിൽ നിന്നും ഒറ്റത്തവണ മാത്രം യാത്ര ചെയ്യേണ്ടിവരുന്ന വാഹനങ്ങൾക്കും കർണ്ണാടക സർക്കാർ ഇപ്പോൾ വാർഷിക നികുതിയാണ് ഈടാക്കുന്നത്. |
| (സി) | കർണ്ണാടകത്തിൽ നിന്ന് കേരളത്തിലേക്ക് വരുന്ന ഇത്തരം വാഹനങ്ങൾക്ക് ഈടാക്കുന്ന നികുതി എത്രയാണെന്നറിയിക്കുമോ ; | (സി) | 1976 ലെ കേരളമോട്ടോർവെഹിക്കിൾസ് ടാക്സേഷൻ ആക്ടിലെ സെക്ഷൻ 3-ലെ സബ് സെക്ഷൻ 5 പ്രകാരം മറ്റു സംസ്ഥാന വാഹനങ്ങൾ മോട്ടോർവാഹന നിയമം സെക്ഷൻ 87, സെക്ഷൻ 88. (8), സെക്ഷൻ 88. (9), അനുസരിച്ച് കേരളത്തിൽ പെർമിറ്റ് എടുത്ത് കേരളത്തിൽ പ്രവേശിക്കുമ്പോൾ 7 ദിവസത്തിൽ കഴിയാതെയുള്ള താത്കാലിക |

| | | |
|---|---|---|
| | | പെർമിറ്റുകൾക്ക് കേരളത്തിൽ ആ വാഹനത്തിനുള്ള ത്രൈമാസ നികുതിയുടെ പത്തിലൊന്നാണ് ഈടാക്കുന്നത്. ഇതനുസരിച്ച് 12 സീറ്റിൽ താഴെയുള്ള വാഹനങ്ങൾക്ക് സീറ്റ് ഒന്നിന് 31/- രൂപയും 12 സീറ്റിൽ കൂടുതലുള്ള വാഹനങ്ങൾക്ക് സീറ്റ് ഒന്നിന് 154/- രൂപയുമാണ് ഈടാക്കുന്നത്. 7 ദിവസത്തിൽ കൂടുതലും 30 ദിവസം കവിയാത്തതുമായ താത്ക്കാലിക പെർമിറ്റുകൾക്ക് ആ വാഹനത്തിന് നിലവിലുള്ള ത്രൈമാസ നികുതിയുടെ മൂന്നിലൊന്നാണ് അടയ്ക്കേണ്ടത് |
| (ഡി) കർണ്ണാടകം അമിത നികുതി ഈടാക്കുന്നത് മൂലം ഈ മേഖലയിലുള്ളവരുടെ ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) ഇത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (ഇ) | തിരുവനന്തപുരത്ത് നടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഗതാഗത മന്ത്രിമാരുടേയും ട്രാൻസ്പോർട്ട് സെക്രട്ടറിമാരുടേയും (South India Transport Council) ഇരുപതാം സമ്മേളനത്തിൽ ഇക്കാര്യം അജണ്ടയിൽ ഉൾപ്പെടുത്തുകയും കർണ്ണാടക പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ഇക്കാര്യത്തിൽ അനുകൂലമായ നടപടികൾ സ്വീകരിക്കാമെന്ന് അവർ ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.